**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3602** **12-03-2025 - ൽ മറുപടിയ്ക്ക്**

**ഐ.എച്ച്.ആർ.ഡി.യ്ക്ക് കീഴിലുള്ള കോളേജുകൾ, ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഐ.എച്ച്.ആർ.ഡി.യ്ക്ക് കീഴിലുള്ള കോളേജുകൾ, ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ എന്നിവയുടെ പശ്ചാത്തല വികസനത്തിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ പശ്ചാത്തല വികസനത്തിനായി 415 കോടി രൂപയുടെ വിശദമായ പദ്ധതികൾ പ്ലാനിങ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ പുതിയ കെട്ടിടങ്ങൾ, ഹോസ്റ്റലുകൾ, കളിസ്ഥലങ്ങൾ, ചുറ്റുമതിൽ, കാന്റീൻ എന്നിവ ഉൾപ്പെടുന്നു. |
| (ബി) | കോഴിക്കോട് ഐ.എച്ച്.ആർ.ഡി.കോളേജ്, ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയുടെ വികസനത്തിന് തയ്യാറാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | കോഴിക്കോട് ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസസ് കോളേജിന്റെ വികസനത്തിനായി ഒരു Research and Development Centre for AI നിർമ്മിക്കുവാൻ ഭൂമി കണ്ടെത്താനുള്ള ശ്രമങ്ങൾ തുടരുന്നു. ഭൂമിയുടെ ലഭ്യത അനുസരിച്ച് കോഴിക്കോട് നഗരത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഐ.എച്ച്.ആർ.ഡി യുടെ നേതൃത്വത്തിൽ R & D Centre for AI സ്ഥാപിക്കുവാൻ സാധിക്കുന്നതാണ്. ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ വികസനത്തിനായി ലാബുകൾ, ഓഡിറ്റോറിയം, ലൈബ്രറി, ചുറ്റുമതിൽ എന്നിവയ്ക്കായി 2.84 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ